(ബി) പരാതിക്കാരൻ ആവശ്യപ്പെട്ട വിവരം നല്കാതിരുന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിരുന്നോ ; എങ്കിൽ അതുപ്രകാരം ആർക്കെതിരെ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഈ കേസിൽ കമ്മീഷന്റെ ഇടപെടൽമൂലം പരാതിക്കാരൻ നിയമാനുസൃതം ആവശ്യപ്പെട്ട രേഖകളെല്ലാം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. 3-2-2011-ൽ 9819/എസ്.ഐ.സി.ജി.ഇ.എൻ.1/2009 എന്ന ഫയലിൽ വിവരാവകാശ നിയമപ്രകാരം വിവരം നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ 2005-ലെ വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരം നടപടിയെടുക്കാൻ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി & സി) ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുമെന്ന് ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമർപ്പിച്ച വിശദീകരണം തൃപ്തികരമായതിനാൽ തുടർനടപടികൾ ഇക്കാര്യത്തിന്മേൽ സ്വീകരിച്ചിട്ടില്ല. ആവശ്യമായ രേഖകൾ പരാതിക്കാരന് നൽകിയതായി കമ്മീഷന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

സേവനാവകാശനിയമം നടപ്പിലാക്കിയതിലൂടെ പിഴയായി ലഭിച്ച തുക

28 (7585) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം നടപ്പിലാക്കിയതിലൂടെ ഇതുവരെ എത്ര രൂപ പിഴയായി ഖജനാവിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കേൾക്കുവാനുള്ള അവകാശനിയമം നടപ്പിലാക്കുന്നതിനുമുമ്പ് സേവനാവകാശ നിയമം നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇല്ല.

വൈക്കം സത്യാഗ്രഹ സ്മാരകത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക

29 (7586) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം സത്യാഗ്രഹ സ്മാരകത്തിനായി കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ എത്ര തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly